# കൊല്ലം ജില്ല കാർഷിക കാലാവസ്ഥ ബുള്ളറ്റിൻ

AAS No. 81/2022

## ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റ്
## കേരള കാർഷിക സർവ്വകലാശാല
## കൃഷി വിജ്ഞാന കേന്ദ്രം കൊല്ലം

### കാലാവസ്ഥ പ്രവചനം

തീയതി:11.10.2022

| കാലാവസ്ഥാ ഘടകങ്ങൾ | 2022 ഒക്ടോബർ 12 | 2022 ഒക്ടോബർ 13 | 2022 ഒക്ടോബർ 14 | 2022 ഒക്ടോബർ 15 | 2022 ഒക്ടോബർ 16 |
|---|---|---|---|---|---|
| മഴ (മില്ലി. മീറ്റർ) | 0.1 | 2 | 4 | 1 | 5 |
| ഉയർന്ന താപനില (°C) | 33 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (°C) | 20 | 20 | 20 | 20 | 20 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെ വേഗത (കി.മീ/ മണിക്കൂർ) | 2 | 2 | 2 | 2 | 2 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 250 | 270 | 270 | 270 | 250 |
| മേഘ വ്യാപ്തി (ഒക്ട) | 4 | 4 | 6 | 4 | 8 |

### മഴ മുന്നറിയിപ്പ്

| 2022 ഒക്ടോബർ 11 | 2022 ഒക്ടോബർ 12 | 2022 ഒക്ടോബർ 13 | 2022 ഒക്ടോബർ 14 | 2022 ഒക്ടോബർ 15 |
|---|---|---|---|---|
| നേരിയതും സാമാന്യം ഭേദപ്പെട്ടതുമായ മഴ | നേരിയതും സാമാന്യം ഭേദപ്പെട്ടതുമായ മഴ | നേരിയതും സാമാന്യം ഭേദപ്പെട്ടതുമായ മഴ | നേരിയതും സാമാന്യം ഭേദപ്പെട്ടതുമായ മഴ | നേരിയതും സാമാന്യം ഭേദപ്പെട്ടതുമായ മഴ |

### കാലാവസ്ഥ ഉള്ളടക്കം

കഴിഞ്ഞ ആഴ്ചയിലെ കാലാവസ്ഥ റിപ്പോർട്ട് പ്രകാരം, കൊല്ലം ജില്ലയിൽ പൊതുവെ വരണ്ട കാലാവസ്ഥയാണ് അനുഭവപ്പെട്ടത്. ജില്ലയിൽ അനുഭവപ്പെട്ട കൂടിയ താപനില 33.6 ഡിഗ്രി സെൽഷ്യസ് ആയിരുന്നു.

ഇന്ത്യ കാലാവസ്ഥ വകുപ്പിന്റെ അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം അനുസരിച്ച് കൊല്ലം ജില്ലയിൽ ഒക്ടോബർ 11 മുതൽ 15 വരെ നേരിയതും സാമാന്യം ഭേദപ്പെട്ടതുമായ മഴയ്ക്കു (പച്ച അലെർട് ) സാധ്യത. കൂടിയ താപനില 33°c വരെയും കുറഞ്ഞ താപനില 20°c വരെയും ആകാൻ സാധ്യത.

40 - മത് കാലാവസ്ഥ ആഴ്ചയുടെ (01.10.2022 to 07.10.2022) NDVI നിരീക്ഷണ ഫലപ്രകാരം ജില്ലയിലെ വിളകളുടെ ഊർജ്ജസ് നല്ല നിലയിലാണ്. മിനിസ്ട്രി ഓഫ് എർത് സയൻസിന്റെയും ഐ. എം. ഡിയുടെയും SPI ഇൻഡക്സ് ഫലപ്രകാരം കഴിഞ്ഞ 2022 സെപ്റ്റംബർ 08 മുതൽ 2022 ഒക്ടോബർ 05 വരെ ജില്ലയിൽ വരണ്ട അവസ്ഥയാണ് അനുഭവപ്പെട്ടിട്ടുള്ളത്.

### പൊതുനിർദ്ദേശങ്ങൾ

- വളപ്രയോഗം കീടനാശിനി പ്രയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ അനുകൂല കാലാവസ്ഥയ്ക്കനുസരിച്ച് നടത്താവുന്നതാണ്.
- മരുന്ന് തളി നടത്തുമ്പോൾ അതിരാവിലെയോ വൈകുന്നേരങ്ങളിലോ വെയിൽ താഴ്ന്നു നിൽക്കുന്ന സമയങ്ങളിൽ അനുവർത്തിക്കുവാൻ ശ്രദ്ധിക്കുക.
- വളപ്രയോഗം നടത്തിയ ശേഷം നന ഉറപ്പാക്കുകയും ചെയ്യുക.



### കാർഷികനിർദ്ദേശങ്ങൾ

#### ശീതകാല പച്ചക്കറികൾ (കാബേജ്, കോളിഫ്ലവർ)





- ഒക്ടോബർ ആദ്യ വാരത്തിൽ വിത്തിട്ടു മുളപ്പിച്ച തൈകൾ നവംബർ ആദ്യവാരത്തോടെയാണ് പറിച്ചു നടീൽ നടത്തേണ്ടത്. ഇതിനായി പറിച്ചു നടീൽ നടത്താനുദ്ദേശിക്കുന്ന പ്രധാന കൃഷിയിടത്തിലെ നിലമൊരുക്കൽ ഇപ്പോൾ ആരംഭിക്കാവുന്നതാണ്.
- നല്ല നീർവാർച്ചയുള്ളതും സൂര്യപ്രകാശം ലഭിക്കുന്നതുമായ സ്ഥലം ആണ് ഇവയുടെ കൃഷിയ്ക്കായി തിരഞ്ഞെടുക്കേണ്ടത്.
- മണ്ണിലെ അമ്ലത നിയന്ത്രിക്കുന്നതിനും കാൽസ്യത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിനുമായി നിലമൊരുക്കുമ്പോൾ ഒരു സെന്റിലേക്ക് 1 മുതൽ 2 കിലോ കുമ്മായം എന്ന തോതിൽ മണ്ണിൽ ചേർക്കണം.

#### നെല്ല്



- മുണ്ടകൻ നെൽകൃഷിയ്ക്കായി ഞാറ്റടി തയ്യാറാക്കിയിട്ടുള്ള കർഷകർ പറിച്ചു നടീലിനു 2 മുതൽ 3 ദിവസം മുൻപായി നെല്ലിൽ അടിയ്ക്കുന്ന കെ എ യു സമ്പൂർണ്ണ മൾട്ടിമിക്സ് 5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് ഞാറ്റടിയിൽ തളിക്കണം.

#### വാഴ



- മഴയെ തുടർന്ന് വാഴയിൽ സിഗട്ടോക ഇലകരിച്ചിലിനുള്ള സാധ്യതയുള്ളതിനാൽ മുൻകരുതൽ എന്ന നിലയിൽ സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് ആഴ്ചയിൽ ഒരിക്കൽ ഇലകളിൽ തളിച്ച് കൊടുക്കുക.

#### കന്നുകാലികൾ



- ബാഹ്യപരാദങ്ങളായ കൊതുക്, കടിയീച്ചകൾ തുടങ്ങിയവയുടെ ഉപദ്രവം തടയുന്നതിനായി ചാണക കുഴികളിൽ കുമ്മായം വിതറുക .
- വെറ്റിനറി ഡോക്ടറുടെ നിർദേശപ്രകാരം മാത്രം ബാഹ്യപരാദങ്ങളെ നിയന്ത്രിക്കുന്നതിനുള്ള മരുന്നുകൾ ചെയ്യുക.
- പശു ആട് കോഴി എന്നിവയുടെ ശരീരഭാരത്തിനനുസരിച്ച് വിരമരുന്ന് നൽകാൻ ശ്രദ്ധിക്കുക.